REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-03-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **PM കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ ഗുവാഹട്ടിയിൽ വിതരണം ചെയ്യും.**
- **2025-26 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ഗ്രാന്റുമായി ബന്ധപ്പെട്ട് ലോക്സഭയിൽ ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ചർച്ചയ്ക്ക് മറുപടി നൽകും.**
- **ഗാർഹികേതര ഗ്യാസ് സിലണ്ടറുകളുടെ പരിധി ഉയർത്തണമെന്ന് കേരളം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു.**
- **ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്താൻ ഹൗസിംഗ് ബോർഡുകളുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **FIH വനിതാ ഹോക്കി ലോകകപ്പിന് ഇന്ത്യ യോഗ്യത നേടി.**

## വാർത്തകൾ വിശദമായി

PM കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അസമിലെ ഗുവാഹട്ടിയിൽ വിതരണം ചെയ്യും. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപയാണ് കൈമാറുകയെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്.

.......വോയ്സ്.......

പദ്ധതി പ്രകാരം ഇതുവരെ 49,000 കോടിയിലധികം രൂപ കർഷകർക്ക് കൈമാറിയതായും ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു.

രണ്ട് ദിവസത്തെ സന്ദർശനത്തിന് ഇന്ന് അസമിലെത്തുന്ന പ്രധാനമന്ത്രി, കൊക്രജാറിലും, ഗുവാഹട്ടിയിലുമായി നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കും. മൂന്ന് പുതിയ ട്രെയിനുകൾ പ്രധാനമന്ത്രി ഇന്ന് ഫ്ലാഗ് ഓഫ് ചെയ്യും. കാമഖ്യ- ചാർലപ്പള്ളി അമൃത് ഭാരത് എക്സ്പ്രസ്, ഗോഹട്ടി - ന്യൂ ജല്പായ്ഗുഡി എക്സ്പ്രസ്, നാരംഗി - അഗർത്തല എക്സ്പ്രസ് എന്നിവയാണ് ഫ്ലാഗ് ഓഫ് ചെയ്യുക. കൊക്രജാറിൽ പൊതുസമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

അസമിലെ കോപിലി ജലവൈദ്യുത പദ്ധതി അദ്ദേഹം ഇന്ന് നാടിന് സമർപ്പിക്കും. സിൽചാറിൽ നാളെ 24,205 കോടി രൂപയുടെ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുന്ന പ്രധാനമന്ത്രി ചില പദ്ധതികളുടെ ശിലാസ്ഥാപനവും നിർവഹിക്കും. തുടർന്ന് പശ്ചിമ ബംഗാളിലെത്തുന്ന നരേന്ദ്ര മോദി 18,680 കോടി രൂപയുടെ പദ്ധതികൾക്ക് നാളെ കൊൽക്കത്തെയിൽ തുടക്കം കുറിക്കും.

✪✪✪

2025-26 സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു ഗ്രാന്റിന് അധികതുക അനുവദിക്കുന്നത് സംബന്ധിച്ച് ലോക്സഭയിൽ ഇന്ന് ചർച്ചയും വോട്ടെടുപ്പും നടക്കും. ധനമന്ത്രി നിർമല സീതാരാമൻ ചർച്ചക്ക് മറുപടി നൽകും. ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് രാജ്യസഭ കൂടുതൽ ചർച്ച നടത്തും.

ഇന്ത്യയുടെ അസംസ്കൃത എണ്ണയുടെ സ്ഥാനം സുരക്ഷിതമാണെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി ഇന്നലെ ലോക്സഭയിൽ അറിയിച്ചു.

പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് ഉണ്ടായ ആഗോള ഊർജ്ജ വിതരണത്തിലെ തടസ്സത്തിന് മറുപടിയായി ഗവൺമെന്റ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുകയായിരുന്നു അദ്ദേഹം. LPGയുടെ ആഭ്യന്തര വിതരണം പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഗാർഹിക LPG സിലിണ്ടറുകൾക്ക് ബുക്കിംഗ് സമയം രണ്ടര ദിവസമെന്നത് മാറ്റമില്ലാതെ തുടരുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

പശ്ചിമേഷ്യൻ മേഖലയിലെ ഗുരുതര സ്ഥിതിഗതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി ഇറാൻ പ്രസിഡന്റ് മസൂദ് പെസഷ്കിയാനുമായി ചർച്ച ചെയ്തു. സംഘർഷങ്ങൾ വർദ്ധിക്കുന്നതിലും സാധാരണക്കാരുടെ ജീവൻ നഷ്ടമാകുന്നതിലും അടിസ്ഥാന സൗകര്യങ്ങളുടെ നാശനഷ്ടത്തിലും ആശങ്ക പ്രകടിപ്പിച്ചതായി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയും ചരക്കുകളുടേയും എണ്ണയുടേയും തടസ്സമില്ലാത്ത ഗതാഗതം, ഇന്ത്യയുടെ ആവശ്യവും മുൻഗണനയുമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷങ്ങൾക്കിടയിലും ഇന്ത്യ ആഗോളതലത്തിൽ വിശ്വസ്ത രാഷ്ട്രമായി തുടരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ NXT കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പശ്ചിമേഷ്യയിലെ സംഘർഷത്തെത്തുടർന്ന് വിതരണ ശൃംഖലയിലെ തടസ്സങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് സ്ഥിതിഗതി സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിബദ്ധതമാണെന്ന് അദ്ദേഹം പറഞ്ഞു. എണ്ണ ഉൽപാദനം പ്രോത്സാഹിപ്പിക്കാനും ഊർജ്ജ ലഭ്യത വിപുലീകരിക്കാനുംമേഖലയിൽ സ്വാശ്രയത്വം ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഇസ്രായേൽ ആക്രമണങ്ങളിൽ ഇറാനിലെ ഉന്നത ആണവ ശാസ്ത്രജ്ഞർ കൊല്ലപ്പെട്ടതായി ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. ഇറാന്റെ പുതിയ പരമോന്നത നേതാവ് ആയത്തുള്ള മൊജ്താബ ഖമനേയി പരസ്യമായി പ്രത്യക്ഷപ്പെടാൻ കഴിയാത്ത റെവല്യൂഷനറി ഗാർഡുകളുടെ പാവയാണെന്ന് നെതന്യാഹു ഇന്നലെ രാത്രി നടത്തിയ വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി. സ്വാതന്ത്ര്യത്തിലേക്ക് പുതിയ പാതയുടെ നിമിഷം അടുത്തുവരികയാണെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന് അനുവദിച്ച ഗാർഹികേതര ഗ്യാസ് സിലണ്ടറുകളുടെ പരിധി ഉയർത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു.

ക്ഷാമം തടയാൻ മുൻഗണന ക്രമം നിശ്ചയിക്കാനും കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയാനും എൻഫോഴ്സ്മെന്റ് സംഘം രൂപീകരിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

..........വോയ്സ്.........

വ്യാവസായിക - ഗാർഹിക ഉപയോഗങ്ങൾക്ക് ആവശ്യമായ പാചക വാതക സിലണ്ടറുകളുടെ ദിനം പ്രതി ഉപഭോഗം, വിതരണം എന്നിവ  നിരീക്ഷിക്കാൻ സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കും.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പാചക വാതക കമ്പനി പ്രതിനിധികളുമായി സംസ്ഥാന ഗവൺമെന്റ് നടത്തിയ ചർച്ചയിലാണ് അടിയന്തിര നടപടികൾ കൈകൊള്ളാൻ തീരുമാനിച്ചത്.

ആശുപതികൾ , വൃദ്ധ സദനങ്ങൾ , അനാഥാലയങ്ങൾ , സ്കൂളുകൾ , ജനകീയ അടുക്കളകൾ , ഐ ടി പാർക്കിലെ ക്യാന്റീനുകൾ , ഫാക്ടറികളിലെ ക്യാന്റീനുകൾ  എന്നിവയ്ക്ക് മുൻഗണന നിശ്ചയിക്കും.

ക്ഷാമം മൂലം ശ്മശാനങ്ങളുടെ പ്രവർത്തനം തടസപ്പെടുന്ന യാതൊരു സാഹചര്യവും ഉണ്ടാവാൻ പാടില്ല എന്ന് മുഖ്യമന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു.

യോഗത്തിൽ  മന്ത്രിമാരായ ജി.ആർ അനിൽ, കെ എൻ ബാലഗോപാൽ , എം ബി രാജേഷ് , ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് അടക്കം മുതിർന്ന ഉദ്യോഗസ്ഥരും  പൊതുമേഖലാ എണ്ണ കമ്പനികളുടെ  പ്രതിനിധികളും പങ്കെടുത്തു.

✪✪✪

കോഴിക്കോട് ജില്ലയിൽ പാചകവാതക സിലിണ്ടറുകളുടെ വിതരണം സുഗമമാക്കാൻ എല്ലാ ഗ്യാസ് ഏജൻസികളും സഹകരിക്കണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. സിലിണ്ടർ ദുരുപയോഗം ചെയ്യുന്നത് തടയാൻ ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിങ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ പൊതുവിപണകളിൽ പരിശോധന കർശനമാക്കും.

✪✪✪

അർഹരായ 65000 കുടുംബങ്ങൾക്ക് കൂടി മുൻഗണനാകാർഡുകൾ അനുവദിക്കുന്നതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഉച്ച കഴിഞ്ഞ് മൂന്നിന് അയ്യങ്കാളി ഹാളിലാണ് പരിപാടി. മന്ത്രി GR അനിൽ അധ്യക്ഷനാകുന്ന ചടങ്ങിൽ V. ശിവൻകുട്ടി മുഖ്യാതിഥിയാകും.

✪✪✪

നാലു ബഹിരാകാശയാത്രികരുമായി ഏപ്രിലിൽ ഏറ്റവും പുതിയ ചാന്ദ്ര ദൗത്യത്തിന് അമേരിക്കൻ ബഹിരാകാശ ഗവേഷണ ഏജൻസിയായ നാസ അനുമതി നൽകി. 50 വർഷങ്ങത്തിനിടയിൽ മനുഷ്യന്റെ ആദ്യ ചന്ദ്ര യാത്രയാണിത്. ഫ്ലോറിഡയിലെ കെന്നഡി ബഹിരാകാശ കേന്ദ്രത്തിൽ നിന്നും ഏപ്രിൽ 1 ന് വിക്ഷേപിക്കുന്ന റോക്കറ്റിനു 322 അടി നീളമുണ്ട്.

✪✪✪

ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ സംസ്ഥാന ഹൗസിംഗ് ബോർഡ് പോലെ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ബോർഡിന്റെ പ്രധാന പദ്ധതിയായ മറൈൻ എക്കോസിറ്റിയ്ക്ക് ഓൺലൈനിൽ തറക്കല്ലിടുകയായിരുന്നു മുഖ്യമന്ത്രി.

മാറുന്ന കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് ഭവന പദ്ധതികൾ ഏറ്റെടുക്കുന്നതിന്റെ ദൃഷ്ടാന്തമാണ് ഇക്കോ സിറ്റി പദ്ധതിയെന്നും, പരിസ്ഥിതിക്ക് കോട്ടം ഏൽപ്പിക്കാതെ ഗ്രീൻ പ്രോട്ടോക്കോളും പാലിച്ച് നടപ്പാക്കുന്ന പദ്ധതി കൊച്ചിയുടെ ചരിത്രത്തിലെ തിളക്കമാർന്ന അദ്ധ്യായമായിരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കൊച്ചി മറൈൻ ഡ്രൈവിൽ 17 ലധികം ഏക്കറിലാണ് 3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഒരുങ്ങുന്നത്.

✪✪✪

തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജിലെ ഏഴ് വിദ്യാർത്ഥികൾക്ക് മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം ലഭിച്ചു. കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് 2022-23 ലെ മുഖ്യമന്ത്രിയുടെ ഒരു ലക്ഷം രൂപയുടെ വിദ്യാർത്ഥി പ്രതിഭ പുരസ്കാരം ലഭിച്ചത്.

✪✪✪

FIH വനിതാ ഹോക്കി ലോകകപ്പിന് ഇന്ത്യൻ ടീം യോഗ്യത നേടി. ഹൈദരാബാദിലെ യോഗ്യതാ റൗണ്ടിൽ വെയ്ൽസിനെ ഒന്നിനെതിരെ നാലു ഗോളിന് തോൽപിച്ചാണ് ഇന്ത്യ ലോകകപ്പ് യോഗ്യത നേടിയത്. ഇത് ഒമ്പതാം തവണയാണ് ഇന്ത്യ ടൂർണമെന്റിലേക്കു യോഗ്യത നേടുന്നത്. യോഗ്യതാ റൗണ്ടിലെ സെമിയിൽ ഇന്ത്യ ഇന്ന് ഇറ്റലിയെ നേരിടും. ഓഗസ്റ്റ് 15 മുതൽ 30 വരെ ബെൽജിയം, നെതർലാന്റ്സ് എന്നിവിടങ്ങളിലാണ് ലോകകപ്പ് മത്സരം.

✪✪✪

സ്വിറ്റ്സർലൻഡിലെ ബാസലിൽ സ്വിസ് ഓപ്പൺ 2026 ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിലെത്തി.

പുരുഷ സിംഗിൾസ് രണ്ടാം റൗണ്ടിൽ ഇന്ത്യയുടെ കിരൺ ജോർജ് ജപ്പാൻ താരത്തോട് പരാജയപ്പെട്ടു.

✪✪✪

യാങ്കോണിൽ അണ്ടർ 17 വനിതാ ഫുട്ബോളിൽ ആദ്യ സൗഹൃദ മത്സരത്തിൽ ഇന്ത്യ മ്യാൻമറിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചു. രണ്ടാം സൗഹൃദ മത്സരം നാളെയാണ്.

✪✪✪

തലശ്ശേരി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിക്കുന്ന തലശ്ശേരി കടൽപ്പാലം എലിവേറ്റഡ് വാക്ക് വേ പദ്ധതി പ്രവൃത്തി നിയമസഭ സ്പീക്കർ എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്തു. തലശ്ശേരിയുടെ ദീർഘകാല സ്വപ്നമാണ് യാഥാർഥ്യമാകുന്നതെന്നും ഭാവിയിൽ ഇത് തലശ്ശേരിയുടെ ടൂറിസം ഡെസ്റ്റിനേഷനായി മാറുമെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച കതിരൂർ സൂര്യനാരായണ ക്ഷേത്രം നിയമസഭാ സ്പീക്കർ AN ഷംസീർ ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ പ്രാചീന ആരാധനാലയങ്ങളിൽ ഒന്നായ ക്ഷേത്രത്തിന്റെ തനിമ നിലനിർത്തി, കിഫ്ബിയിൽ നിന്നും 2 കോടി 36 ലക്ഷം രൂപ ചെലവഴിച്ചാണ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയത്.

✪✪✪

പട്ടികവർഗ വിഭാഗക്കാരുടെ അടിസ്ഥാന രേഖ വിതരണം പൂർത്തിയാക്കൽ ലക്ഷ്യമിട്ട് സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച ABCD പദ്ധതിയുടെ കോഴിക്കോട് ജില്ലയിലെ പൂർത്തീകരണ പ്രഖ്യാപനം മന്ത്രി OR കേളു നിർവഹിച്ചു. ചടങ്ങിൽ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് അധ്യക്ഷനായി.

✪✪✪

ബേപ്പൂർ ഫിഷറീസ് റീജ്യണൽ സ്കൂളിൽ പുതിയ ഹോസ്റ്റൽ ബ്ലോക്ക് നിർമിക്കാൻ അഞ്ച് കോടി 91 ലക്ഷം  രൂപയുടെ ഭരണാനുമതിയായി. നിലവിലെ ഹോസ്റ്റൽ കെട്ടിടം പൊളിച്ചുനീക്കി ആധുനിക സൗകര്യങ്ങളോടെയാകും പുതിയ കെട്ടിടം നിർമിക്കുക. പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാൻ മന്ത്രി PA മുഹമ്മദ് റിയാസ് നിർദ്ദേശം നൽകി.

✪✪✪

സീനിയർ ജേണലിസ്റ്റ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ നാഷണൽ കൗൺസിൽ യോഗത്തിന് നാളെ ഗോവയിൽ  തുടക്കമാകും. രണ്ട് ദിവസത്തെ യോഗം ഗോവ സയൻസ് സെന്ററിൽ നാളെ വൈകിട്ട് ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor & News Reader:  വികെ സുരേഷ്*
*News Team:  ഫസ്ന ഫാത്തിമ,  മണികണ്ഠൻ*
*DEO: സി കെ സുബോധ്*